കേരള സർക്കാർ

**ധനകാര്യ (ബഡ്ജറ്റ് വിംഗ്- എ) വകുപ്പ്**

# <u>പരിപത്രം</u>

നം.44/2018/ധന                                        തിരുവനന്തപുരം, തീയതി 14-05-2018.

വിഷയം: ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2016-19) യുടെ ഒന്നാമത് റിപ്പോർട്ട്- 6–ാം നമ്പർ ശിപാർശ നടപ്പിലാക്കുന്നത്- സംബന്ധിച്ച്.

സൂചന: നിയമസഭാ സെക്രട്ടറിയുടെ 03-01-2018ലെ 2325/ഔ.ഭാ.സ1/2017/ നി.സെ നമ്പർ കത്ത്

സംസ്ഥാന നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ (2016-19) ഒന്നാമത് റിപ്പോർട്ടിലെ 24–ാം ഖണ്ഡികയിൽ പരാമർശിക്കുന്ന 6–ാം നമ്പർ ശിപാർശ പ്രകാരം, ഔദ്യോഗിക ഭാഷ മാതൃഭാഷയാക്കുന്നതിന്റെ ഭാഗമായി, ഭാഷാമാറ്റത്തിന് എല്ലാ വകുപ്പുകൾക്കും തുക അനുവദിച്ചിട്ടും പല വകുപ്പുകളും അനുവദിക്കപ്പെടുന്ന തുക വേണ്ട രീതിയിൽ ചെലവാക്കുന്നില്ലെന്ന് സമിതി നിരീക്ഷിച്ചിരിക്കുന്നു. ഭരണഭാഷാ മാറ്റത്തിനു വേണ്ടിയുള്ള പരിപാടികൾക്കായി വകയിരുത്തുന്ന തുക പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന കാര്യത്തിൽ വകുപ്പു തലവന്മാർ കുറെകൂടി ജാഗരൂകരാകേണ്ടതാണെന്നും ഇതിൽ വീഴ്ച വരുത്തുന്നതിന്റെ ഉത്തരവാദിത്തം നിർണ്ണയിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഭരണ ഭാഷാ പ്രയോഗ പരിപാടികൾക്കായി സംസ്ഥാന ബഡ്ജറ്റിലെ '26 - ഔദ്യോഗിക ഭാഷാ പ്രയോഗം' എന്ന ശീർഷകത്തിൽ വകയിരുത്തുന്ന നിശ്ചിത തുക ഭരണഭാഷാ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾക്കായി വകുപ്പ് തലവന്മാർ അതത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പക്ഷം വകുപ്പ് തലവന്മാർ ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും ശിക്ഷാ നടപടികൾക്ക് വിധേയമാകുന്നതുമാണ്.

3. ഈ നിർദേശങ്ങൾ എല്ലാ ഓഫീസ് മേധാവികളുടേയും ശ്രദ്ധയിൽ പ്പെടുത്തുന്നതിന് വേണ്ട നടപടികൾ വകുപ്പ് തലവന്മാർ സ്വീകരിക്കേണ്ടതാണ്.

**സഞ്ജീവ് കൗശിക്,**

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)

സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
എല്ലാ വകുപ്പു തലവന്മാർക്കും.
ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
നോഡൽ ഓഫീസർ www.finance.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

അക്കൗണ്ട്സ് ഓഫീസർ